സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

**കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ ഉടലെടുത്ത സാമ്പത്തിക പ്രതിസന്ധിയെ തുടർന്ന് മാറ്റിവച്ച ശമ്പളത്തിന്റെ രണ്ടാം ഗഡു മുതൽ തുടർന്നുള്ള തവണകൾ വിതരണം ചെയ്യുന്നതിന് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

ഉത്തരവ് നമ്പർ: **ROC 3701/20/Est-1** നന്തൻകോട്, **17-12-2021**

---

പരാമർശം :- 1) 04.05.2020 ലെ ആർ ഒ സി 3701/20/Est-1 (ii) നമ്പർ ബോർഡുത്തരവ്.

2) 10.03.2021 ലെ മേൽ നമ്പർ ബോർഡുത്തരവ്.

3) 25.05.2021 ലെ മേൽ നമ്പർ ബോർഡുത്തരവ്.

4) ദേവസ്വം അക്കൗണ്ട്സ് ഓഫീസറുടെ 10.12.2021-ലെ ഡി.എ.465/21/ E-1 നമ്പർ റിപ്പോർട്ട്

കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ ഉടലെടുത്ത സാമ്പത്തിക പ്രതിസന്ധിയെ തുടർന്ന് ജീവനക്കാരുടെ ശമ്പളത്തിന്റെ നിശ്ചിത ശതമാനം മാറ്റി വയ്ക്കുന്നതിന് ബോർഡുത്തരവായി (പരാമർശം 1). ഇപ്രകാരം മാറ്റി വച്ച ശമ്പളം സർവ്വീസിൽ തുടരുന്നവർക്ക് 04/2021 മുതലുള്ള ശമ്പളത്തോടൊപ്പം അഞ്ച് തുല്യ ഗഡുക്കളായും സർവീസിൽ നിന്നും വിരമിച്ചവർക്ക് 2021 ഏപ്രിൽ 1 മുതൽ ഒന്നായും നൽകുന്നതിന് അനുവദിച്ചു (പരാമർശം 2).

എന്നാൽ അപ്രതീക്ഷിതമായി കോവിഡ് 19 രണ്ടാം തരംഗം ഉണ്ടായതിനെ തുടർന്ന് സാമ്പത്തിക പ്രതിസന്ധി നിമിത്തം രണ്ടാം ഗഡു മുതൽ തുടർന്നുള്ള തവണകൾ വിതരണം ചെയ്യുന്നത് താൽക്കാലികമായി നിർത്തിവച്ച് ബോർഡുത്തരവായി (പരാമർശം 3).

സംസ്ഥാന സർക്കാർ സമാനമായ രീതിയിൽ മാറ്റിവച്ച ശമ്പളം ഇതിനകം തന്നെ വിതരണം ചെയ്തിട്ടുള്ളതിനാലും ബോർഡിന്റെ സാമ്പത്തിക സ്ഥിതി നേരിയ നിലയിൽ മെച്ചപ്പെടുന്നതിനാലും മാറ്റിവച്ച ശമ്പളത്തിൽ നൽകുവാൻ അവശേഷിക്കുന്ന നാല് ഗഡുക്കൾ വിതരണം ചെയ്യാവുന്നതായി ദേവസ്വം അക്കൗണ്ട്സ് ആഫീസർ അഭിപ്രായപ്പെട്ടു (പരാമർശം 4).

(മറുപുറം)

ടി വിഷയം പരിശോധിച്ച് ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ മാറ്റിവച്ച ശമ്പളത്തിൽ തിരികെ നൽകുവാൻ അവശേഷിക്കുന്ന ഗഡുക്കൾ ചുവടെ വിവരിക്കുന്ന വ്യവസ്ഥകൾ പ്രകാരം വിതരണം ചെയ്യുന്നതിന് അനുവദിച്ച് ബോർഡ് ഉത്തരവാകുന്നു.

(i) മാറ്റിവച്ച ശമ്പളത്തിൽ തിരികെ നൽകുവാൻ അവശേഷിക്കുന്ന നാല് ഗഡുക്കൾ 12/2021, 01/2022, 02/2022, 03/2022 മാസങ്ങളിലെ ശമ്പളത്തോടൊപ്പം വിതരണം ചെയ്യുന്നതിന് അനുവദിച്ചിരിക്കുന്നു.

(ii) ജീവനക്കാരുടെ നിലവിൽ ശമ്പളം ചെലവെഴുതുന്ന അതേ സ്ഥലത്ത് സമാന ഹെഡ്ഡിൽ തന്നെ മാറ്റിവച്ച ശമ്പള തുകയുടെ വിവരങ്ങൾ ബോദ്ധ്യപ്പെട്ട് ചെലവെഴുതേണ്ടതാണ്.

(iii) 2021 ഏപ്രിൽ മാസമോ ശേഷമോ സർവ്വീസിൽ നിന്നും വിരമിച്ചവർക്ക്, മാറ്റിവച്ച ശമ്പളത്തിന്റെ രണ്ടാം ഗഡു മുതൽ തുടർന്നുള്ള തവണകൾ തിരികെ നൽകിയിട്ടില്ലെങ്കിൽ ഇക്കാര്യം പൂർണ്ണമായി ബോദ്ധ്യപ്പെട്ട് clause (i)-ലെ ക്രമം തവണകളായി ചെലവെഴുതി നൽകേണ്ടതാണ്.

(iv) തിരുവിതാംകൂർ ദേവസ്വം ബോർഡ് സർവ്വീസിൽ നിന്നും സേവനം അവസാനിപ്പിച്ച് പോയിട്ടുള്ളവർക്കും മാറ്റിവച്ച ശമ്പളം clause (i)-ലെ ക്രമം തവണകളായി ചെലവെഴുതി നൽകേണ്ടതാണ്.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി
(ഒപ്പ്)
സെക്രട്ടറി

പകർപ്പ് :-

1. എല്ലാ ഡിപ്പാർട്ട്മെന്റ്/ആഫീസ് മേധാവികൾക്കും
2. ഇഡിപി
3. അക്കൗണ്ട്സ് സെക്ഷൻ ബോർഡ് ആഫീസ്
4. സെക്ഷൻ ഫയൽ
5. ഫയൽ ബുക്ക്
6. ഫെയർ ആഫീസ് കോപ്പി.

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്

അസിസ്റ്റന്റ് സെക്രട്ടറി